സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


## നിലമ്പൂരിൽ എസ്.ഡി.പി.ഐ മത്സരിക്കും; അഡ്വ. സാദിഖ് നടുത്തൊടി സ്ഥാനാർഥി

മലപ്പുറം: നിലമ്പൂർ നിയമസഭ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് എസ്.ഡി.പി.ഐ. അഡ്വ. സാദിഖ് നടുത്തൊടിയാണ് പാർട്ടി സ്ഥാനാർഥിയാകുക എന്ന് എസ്.ഡി.പി.ഐ സംസ്ഥാന പ്രസിഡന്റ് സി.പി.എ ലത്തീഫ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

മുന്നണികൾ മാറി മാറി ഭരിച്ചിട്ടും ചിലർ മണ്ഡലത്തെ കുത്തകയാക്കി വെച്ചിട്ടും നിലമ്പൂരിലെ ജനതക്ക് വികസനം ഇന്നും കിട്ടാക്കനിയാണ്. മുന്നു മുന്നണികളുടെയും വികസന വായ്ത്താരികൾ പൊള്ളയാണെന്ന് തിരിച്ചറിയാനുള്ള വിവേകം വോട്ടർമാർക്കുണ്ട്. പി.വി. അൻവറിനെ തെരഞ്ഞെടുത്തെങ്കിലും ഭരണപങ്കാളിത്തം ഉണ്ടായിട്ടു പോലും ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല.


സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 60 | ലക്കം: 68 | 2025 മെയ് 28 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


# ഇനി യുഡിഎഫിന്റെ കാലുപിടിക്കാനില്ല; സതീശനെതിരെ ആഞ്ഞടിച്ച് അൻവർ



നിലമ്പൂർ:യു.ഡി.എഫ്. സഹകരണകക്ഷിയായി പ്രഖ്യാപിക്കാത്തതിന് വി.ഡി.സതീശിനെതിരെ ആഞ്ഞടിച്ച് പി.വി. അൻവർ. പിണറായി സർക്കാരിനെ താഴെയിറക്കാൻ കാലുപിടിക്കുമ്പോൾ തന്റെ മുഖത്തുചവിട്ടുകയാണ് ചെയ്തതെന്ന് അൻവർ വിമർശിച്ചു. യു.ഡി.എഫിൽ എടുക്കാമെന്ന് വി.ഡി. സതീശൻ ഉറപ്പുനൽകിയിരുന്നു. ഇനി കാലുപിടിക്കാനില്ലെന്നും അൻവർ വ്യക്തമാക്കി. കാലുപിടിക്കുമ്പോൾ മുഖത്ത് ചവിട്ടുന്നു, കത്രികപൂട്ടാണ് ലക്ഷ്യം. വലിയ പീഠത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്നയാളാണ് ഞാൻ. ചിലർ പീഠത്തിൽതന്നെ ഇരിക്കാൻ ആഗ്രഹിക്കുന്നു. എന്നെ ദയാവധത്തിന് വിട്ടിരിക്കുന്നു, എന്താണ് ഇനി ചെയ്യേണ്ടത്. നഗ്നനാക്കി നിർത്തിയിരിക്കുന്നു, വസ്ത്രം അണിയാൻ അനുവദിക്കണമെന്നും അൻവർ പരിഹസിച്ചു.

കോൺഗ്രസ് സംഘടനാ ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലിലാണ് ഇനി പ്രതീക്ഷയെന്ന് പി.വി.അൻവർ. വേണുഗോപാലിനോട് സംസാരിക്കാൻ ശ്രമിക്കുമെന്നും അൻവർ പറഞ്ഞു.

യുഡിഎഫിൽ അസോഷ്യേറ്റ് അംഗമാക്കിയാലും മതിയെന്ന് പി.വി.അൻവർ. എന്നാൽ അത് സമൂഹത്തോട് യുഡിഎഫ് നേതൃത്വം പറയേണ്ടേയെന്ന് അൻവർ ചേദിച്ചു. വി.ഡി.സതീശൻ എന്നോട് പറഞ്ഞ കാര്യങ്ങൾ പുറത്തു പറയേണ്ടേ?. അൻവർ നിലപാട് വ്യക്തമാക്കട്ടെയെന്ന് പറയുന്നു, ഇനി എന്ത് വ്യക്തമാക്കാനാണ്. വസ്ത്രാക്ഷേപം നടത്തി തെരുവിൽവിട്ട് മുഖത്ത് ചെളിവാരി എറിയുന്നു. ഒപ്പം കൂട്ടാൻ പറ്റാത്ത ചൊറിയുംചിരങ്ങും പിടിച്ചവനാണോ താനെന്നും അൻവർചോദിച്ചു.

ആര്യാടൻ ഷൗക്കത്ത് എങ്ങനെ സ്ഥാനാർഥിയായെന്ന് തനിക്കറിയാമെന്ന് അൻവർ പറഞ്ഞു. പ്രതിപക്ഷ നേതാവിനെ ആരാണ് പറ്റിച്ചതെന്നും അറിയാം. അത് പറയേണ്ട ഘട്ടംവന്നാൽ ജനങ്ങളോട് പറയുമെന്ന് പി.വി.അൻവർ വ്യക്തമാക്കി. ആവശ്യമെങ്കിൽ തൃണമൂൽ മൽസരിക്കും, മമത പ്രചാരണത്തിന് വരുമെന്നും അൻവർ പറഞ്ഞു.

## ഹീര ഗ്രൂപ്പ് സ്ഥാപക നൗഹീര ഷെയ്ഖ് അറസ്റ്റിൽ



ദുബായ്: മലയാളികൾ ഉൾപ്പെടെ നിരവധി പ്രവാസികളുടെ നിക്ഷേപം തട്ടിയെടുത്ത ഹീര ഗ്രൂപ്പ് സ്ഥാപക നൗഹീര ഷെയ്ഖ് ഇന്ത്യയിൽ അറസ്റ്റിൽ. ഏകദേശം 5600 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പാണ് ഇവർ നടത്തിയത്. ലക്ഷക്കണക്കിന് നിക്ഷേപകരെയാണ് ഇവർ വഞ്ചിച്ചത്. ഇതിൽ ഭൂരിഭാഗവും യുഎഇയിലെ പ്രവാസികളാണ്. 2018 മുതലുള്ള തട്ടിപ്പ് കേസുകളുമായി ബന്ധപ്പെട്ട് ഇവർക്കെതിരെ ജാമ്യമില്ലാത്ത വാറന്റുകൾ പുറപ്പെടുവിച്ചിരുന്നു. ഇതേത്തുടർന്ന് ഇന്നലെ വൈകിട്ട് ഹൈദരാബാദ് സെൻട്രൽ ക്രൈം സ്റ്റേഷനിൽ നിന്നുള്ള ഉദ്യോഗസ്ഥരാണ് ഇവരെ അറസ്റ്റ് ചെയ്തത്.

## നിലമ്പൂരിൽ സ്ഥാനാർഥിയാകാൻ വലവീശി ബിജെപി, ചർച്ച; പിന്നാലെ ബീന ജോസഫിനെ വിളിപ്പിച്ച് സതീശൻ



മലപ്പുറം: നിലമ്പൂരിൽ പാർട്ടിക്ക് സ്ഥാനാർഥിയുണ്ടാകില്ലെന്ന് വ്യക്തമാക്കിയതിന് പിന്നാലെ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കാൻ സ്വതന്ത്രർക്കായി വലവീശിയിരിക്കുകയാണ് ബിജെപി. സഖ്യകക്ഷികളായ ബിഡിജെഎസും മത്സരിക്കാൻ വിമുഖത കാണിച്ചതോടെ മറ്റു പാർട്ടികളിലെ നേതാക്കളിലാണ് ബിജെപി കണ്ണുവെച്ചിരിക്കുന്നത്. ഇതിനിടെ കഴിഞ്ഞ ദിവസം ബിജെപി നേതാവ് എം.ടി.രമേശ് ഡിസിസി ജനറൽ സെക്രട്ടറി ബീന ജോസഫിനെ കാണുകയുണ്ടായി. സ്ഥാനാർഥിത്വം വാഗ്ദാനം ചെയ്തതായും അവരത് നിരസിക്കുകയും ചെയ്തുവെന്നാണ് വിവരം.

നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബിജെപി നേതാവ് എം.ടി.രമേശ് ചർച്ച നടത്തിയിരുന്നുവെന്ന് അഡ്വ. ബീന ജോസഫ് ഇന്ന് മാധ്യമങ്ങളോട് സ്ഥിരീകരിക്കുകയും ചെയ്തു. കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി മറ്റൊരാൾക്കൊപ്പമാണ് എം.ടി.രമേശ് വന്നത്. സ്ഥാനാർഥി ചർച്ച നടന്നില്ലെന്ന് പറയാൻ ആവില്ലെന്നും ബീന ജോസഫ് പ്രതികരിച്ചു. പിന്നാലെ പ്രതിപക്ഷ നേതാവ് വി.ഡി.സതീശനുമായി ബീന ജോസഫ് കൂടിക്കാഴ്ച നടത്തി. സതീശൻ വിളിപ്പിച്ചതനുസരിച്ചാണ് ബീന എത്തിയത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി രംഗത്തിറങ്ങാൻ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടെന്ന് ബീന പറഞ്ഞു.

നിലമ്പൂരിൽ മത്സരത്തിനില്ലെന്ന് ബിജെപി നേരത്തെ വ്യക്തമാക്കിയിരുന്നെങ്കിലും സ്വതന്ത്ര സ്ഥാനാർഥികളെ ലക്ഷ്യമിട്ടുള്ള നീക്കങ്ങൾ പാർട്ടി നടത്തിവരുന്നുണ്ട്. ഇതിനിടെയാണ് കോൺഗ്രസ് വനിതാ നേതാവിനെ തന്നെ ബിജെപി നേതാക്കൾ സമീപിച്ചത്. നിലമ്പൂരിൽ മത്സരിക്കാൻ നേരത്തെ ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ള നേതാവ് കൂടിയാണ് ബീന ജോസഫ്.

എന്നാൽ താൻ യുഡിഎഫ് സ്ഥാനാർഥിക്കായി പ്രചാരണത്തിനിറങ്ങുമെന്നും ബീന വ്യക്തമാക്കി. ‘എം.ടി.രമേശ് വന്നു ചർച്ച നടത്തി എന്നത് ശരിയാണ്. അദ്ദേഹം പറഞ്ഞതും ചർച്ച ചെയതതുമായി കാര്യങ്ങൾ പൂർണ്ണമായും പരസ്യപ്പെടുത്തുന്നത് ശരിയല്ല. നിലമ്പൂരിൽ മത്സരിക്കാൻ ആഗ്രഹിച്ചിരുന്നു. പാർട്ടിയാണ് സ്ഥാനാർഥിയെ നിശ്ചയിക്കുന്നത്. ബിജെപിക്കായി മത്സരിക്കാനില്ല. രഹസ്യമായി പറഞ്ഞ കാര്യങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതുണ്ട്. മഞ്ചേരി നഗരസഭയിൽ ബിജെപിയെ ആണ് മത്സരിച്ച് പരാജയപ്പെടുത്തിയത്. ജനപ്രതിനിധിയാകാൻ സാധിക്കുമെന്ന് ജനങ്ങൾ ബോധ്യമുള്ളത് കൊണ്ടാണ് മൂന്ന് തവണ തിരഞ്ഞെടുത്തത്’ ബീന പ്രതികരിച്ചു.

സ്ഥാനാർഥി വിഷയത്തിൽ ബി.ജെ.പിയുമായി ചർച്ചയ്ക്ക് പോകില്ല. അവർ വീണ്ടും സമീപിക്കുമോ എന്ന് അറിയില്ല. കോൺഗ്രസുകാരിയായി തുടരാനാണ് ആഗ്രഹിക്കുന്നത്. നിലമ്പൂരിൽ യു.ഡി.എഫിന് വേണ്ടി പ്രവർത്തിക്കാനും സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിനെ വിജയിപ്പിക്കാനുമാണ് തന്റെ തീരുമാനമെന്നും ബീന കൂട്ടിച്ചേർത്തു.

## ‘നിലവിൽ മത്സ്യം കഴിക്കുന്നതിൽ പ്രശ്നമില്ല’; മുങ്ങിയ കപ്പലിലുള്ളത് 365 ടൺ ചരക്ക് മാത്രമെന്ന് കുഫോസ്

കൊച്ചി: അറബിക്കടലിൽ ചരക്കുകപ്പൽ അപകടത്തിൽപ്പെട്ട സംഭവത്തിൽ ആശങ്ക വേണ്ടെന്ന് കേരള സമുദ്ര, മത്സ്യ പഠന സർവകലാശാല (കുഫോസ്) പ്രൊഫസർ ഡോ വിഎൻ സഞ്ജീവൻ. 365 ടൺ ചരക്ക് മാത്രമാണ് മുങ്ങിയ കപ്പലിലുള്ളതെന്നും സംഭവത്തിന് പിന്നാലെ കേരള സർക്കാർ ആവശ്യമായ നടപടികൾ എല്ലാം സ്വീകരിച്ചിട്ടുണ്ടെന്നും വിഎൻ സഞ്ജീവൻ വ്യക്തമാക്കി.

‘വാതകം പടരാതിരിക്കാനുള്ള നടപടികൾ കോസ്റ്റ് ഗാർഡ് സ്വീകരിച്ചിട്ടുണ്ട്. മേഖലകളിൽ മീൻപിടിത്തം തടഞ്ഞിരിക്കുകയാണ്. സ്ഫോടനം ഉണ്ടായേക്കാവുന്ന കാൽസ്യം കാർബൈഡ് അടങ്ങിയ കണ്ടെയ്നറുകളുടെ കാര്യത്തിൽ മാത്രമാണ് ആശങ്കയുള്ളത്. വെള്ളവുമായി കൂടികലരുമ്പോൾ ആസ്തലീൻ വാതകം ഉണ്ടായി പൊട്ടിത്തെറിക്കാനുള്ള സാദ്ധ്യതയുണ്ട്. നിലവിൽ മത്സ്യം കഴിക്കുന്നതിൽ പ്രശ്നങ്ങളില്ല. മുൻകരുതലുകൾ മാത്രം മതി. വിഷയത്തിൽ കുഫോസ് വിശദമായി പഠനം നടത്തുന്നുണ്ട്’- പ്രൊഫസർ പറഞ്ഞു.

അതേസമയം, ചരക്കുകപ്പലിലെ 6കണ്ടെയ്നറുകൾ തിരുവനന്തപുരം ജില്ലയുടെ തീരങ്ങളിൽ അടിഞ്ഞിരുന്നു. വർക്കല പാപനാശം, മാന്തറ, ഓടയം ബീച്ചുകളിലും അഞ്ചുതെങ്ങ് ഒന്നാംപാലം, വലിയവേളി, തുമ്പ എന്നിവിടങ്ങളിലുമാണ് ഇവ കണ്ടെത്തിയത്. പ്ലാസ്റ്റിക് ഗ്രാന്യൂൾസ് ചാക്കുകെട്ടുകളും കോട്ടൺ ബയന്റ് കെട്ടുകളും വർക്കല, അഞ്ചുതെങ്ങ്, വലിയവേളി, കായിക്കര, മാമ്പള്ളി, മണ്ണാർക്കുളം, വലിയപ്പള്ളി, പൂത്തുറ, മുതലപ്പൊഴി തീരങ്ങളിൽ അടിഞ്ഞിട്ടുണ്ട്. പ്ലാസ്റ്റിക് ഗ്രാന്യൂൾസ് തീരത്ത് വ്യാപിച്ചു. വിഴിഞ്ഞത്ത് നിന്ന് കൊച്ചിയിലേക്ക് പോയ എംഎസ്‌സി എൽസാ 3 എന്ന കപ്പലാണ് 24-ാം തീയതി അപകടത്തിൽപ്പെട്ടത്.

## കാന്തപുരത്തെ സന്ദർശിച്ച് യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത്

കോഴിക്കോട്: നിലമ്പൂരിലെ യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് സമസ്ത കേരള ജംഇയ്യതുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാരെ സന്ദർശിച്ചു.

കാരന്തൂർ മർക്കസിൽ എത്തിയാണ് ഷൗക്കത്ത് അബൂബക്കർ മുസ്‌ലിയാരെ കണ്ടത്. കോഴിക്കോട് ഡി.സി.സി അധ്യക്ഷൻ അഡ്വ. പ്രവീൺ കുമാർ, കെ.പി.സി.സി ജനറൽ സെക്രട്ടറി പി.കെ. നിയാസ് അടക്കമുള്ളവർ ഷൗക്കത്തിനെ അനുഗമിച്ചു.

## കമലഹാസൻ രാജ്യസഭയിലേക്ക്; പ്രഖ്യാപനവുമായി ഡിഎംകെ, തിരഞ്ഞെടുപ്പ് ജൂൺ 19ന്



ചെന്നൈ: രാജ്യസഭാ തിരഞ്ഞെടുപ്പിനുള്ള ഡിഎംകെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. 4സീറ്റുകളിൽ മക്കൾ നീതി മയ്യം നേതാവും നടനുമായ കമലഹാസന് പാർട്ടി ഒരു സീറ്റ് മാറ്റിവച്ചു. പി വിൽസൺ, എസ് ആർ ശിവലിംഗം, കവി സൽമ എന്നിവരാണ് മറ്റ് ഡിഎംകെ സ്ഥാനാർത്ഥികൾ. മക്കൾ നീതി മയ്യവുമായുള്ള തിരഞ്ഞെടുപ്പ് സഖ്യത്തിന്റെ ഭാഗമായാണ് കമലഹാസന് സീറ്റ് അനുവദിച്ചത്.

ജൂൺ 19ന് നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ, ദ്രാവിഡ മുന്നേറ്റ കഴകം (ഡിഎംകെ) നാല് സ്ഥാനാർത്ഥികളെ നിർത്തും. ഈ നാല് സീറ്റുകളിൽ മൂന്നെണ്ണത്തിൽ ഡിഎംകെ സ്ഥാനാർത്ഥികൾ മത്സരിക്കും. നിലവിലുള്ള കരാർ പ്രകാരം ഒരു സീറ്റ് മക്കൾ നീതി മയ്യം പാർട്ടിക്ക് അനുവദിച്ചിട്ടുണ്ടെന്ന് പാർട്ടി പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

കഴിഞ്ഞ ദിവസമാണ് തമിഴ്നാട്ടിലെ 6 സീറ്റിലടക്കം 8 രാജ്യസഭ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് തീയതി കമ്മിഷൻ പ്രഖ്യാപിച്ചത്. ഇതോടെയാണ് കമലിന്റെ രാജ്യസഭാ പ്രവേശനത്തിന് വഴിയൊരുങ്ങിയത്. 234 അംഗ തമിഴ്നാട് നിയമസഭയിൽ 34 വോട്ടുകളാണ് ഒരു രാജ്യസഭ അംഗത്തിന് ജയിക്കാൻ വേണ്ടത്. ഇത് പ്രകാരം 159 നിയമസഭ സീറ്റുകളുള്ള ഡിഎംകെയ്ക്ക് നാല് അംഗങ്ങളെ വിജയിപ്പിക്കാൻ സാധിക്കും.

ഡിഎംകെയുമായുള്ള ധാരണ കണക്കിലെടുത്ത് 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മക്കൾ നീതി മയ്യം മത്സരത്തിനിറങ്ങിയിരുന്നില്ല. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ അണ്ണാമലൈയ്ക്കെതിരെ കോയമ്പത്തൂരിൽ മത്സരത്തിനിറങ്ങിയ കമലിനോട് പിന്മാറണമെന്ന് ഡിഎംകെ ആവശ്യപ്പെട്ടിരുന്നു. പകരം രാജ്യസഭാ സീറ്റ് വാഗ്ദാനം ചെയ്തു. എന്നാൽ സീറ്റ് കമലിന് മാത്രമായിരിക്കുമെന്നും ഡിഎംകെ അറിയിച്ചിരുന്നു.

മക്കൾ നീതി മയ്യം പാർട്ടി രൂപീകരിച്ചിട്ടുള്ള ആദ്യ നിയമസഭാ തിരഞ്ഞെടുപ്പിൽ തന്നെ പരാജയം അറിഞ്ഞ കമൽ, ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യ മുന്നണിക്കൊപ്പമാണ് നിലയുറപ്പിച്ചത്. ഇതിന്റെ ഭാഗമായി മുന്നണിയുടെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. അന്ന് കോൺഗ്രസിന്റെ ഏതെങ്കിലും ഒരു സീറ്റിൽ അദ്ദേഹം മത്സരിക്കുമെന്നും അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ആ ഘട്ടത്തിൽ ലോക്സഭയിലേക്ക് പോകാൻ കമൽ തയ്യാറായില്ല.

## കേരള തീരത്തെ കപ്പൽ അപകടം; പ്ലാസ്റ്റിക് തരികൾ നീക്കാൻ സന്നദ്ധ പ്രവർത്തകർ, ഡ്രോൺ സർവ്വേ നടത്തും

തിരു: എം.എസ്.സി. എൽസ 3 കപ്പൽ കേരളതീരത്ത് മറിഞ്ഞതിനെ തുടർന്ന് ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ, കെമിക്കലുകൾ കൈകാര്യം ചെയ്യൽ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശാനുസരണം വിദഗ്ധരുടെ യോഗം ചേർന്നു. ഡോ. മുരളി തുമ്മാരുകുടി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അധികൃതർ, ആഗോള തലത്തിലെ വിദഗ്ധർ, സർക്കാർ തലത്തിൽ കപ്പൽ അപകടം കൈകാര്യം ചെയ്യുന്ന വകുപ്പുകളും ചേർന്നായിരുന്നു യോഗം.

തീരത്തടിഞ്ഞ പ്ലാസ്റ്റിക് തരികൾ പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് അതിനുള്ള നടപടികൾ സ്വീകരിച്ചതായി യോഗത്തിന് ശേഷം മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. പ്ലാസ്റ്റിക് തരികളെ (നർഡിൽ) തീരത്തു നിന്നും ഒഴിവാക്കാൻ സന്നദ്ധ പ്രവർത്തകരെ നിയോഗിച്ചു. ഡ്രോൺ സർവ്വേ അടക്കം നടത്തി ഓരോ 100 മീറ്ററിലും സന്നദ്ധ പ്രവർത്തകരെ നിയോഗിച്ച് പ്ലാസ്റ്റിക് തരികൾ നീക്കം ചെയ്യാനാണ് നിലവിലെ ശ്രമം. പോലീസ്/അഗ്നിരക്ഷാസേന/മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരെ ഏകോപനത്തിനായി നിയോഗിച്ചിട്ടുണ്ട്. സന്നദ്ധസേനയുടെ സുരക്ഷയ്ക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. പൊതുജനങ്ങളുടെ സുരക്ഷ, പരിസ്ഥിതി സംരക്ഷണം, മത്സ്യബന്ധന മേഖലുടെ സംരക്ഷണം എന്നിവ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഈ ഘട്ടത്തിൽ മുൻഗണന നൽകുന്നതെന്നും പ്രസ്താവനയിൽ പറയുന്നു.

തീരത്ത് അടിയുന്ന അപൂർവ്വ വസ്തുക്കൾ, കണ്ടയ്നർ എന്നിവ കണ്ടാൽ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മത്സ്യ തൊഴിലാളികൾക്കും ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കപ്പൽ മുങ്ങിയ സ്ഥലത്തു നിന്ന് 20 നോട്ടിക്കൽ മൈൽ പ്രദേശത്ത് മത്സ്യ ബന്ധനം പൂർണമായും ഒഴിവാക്കി. എണ്ണപ്പാട തീരത്തെത്തിയാൽ കൈകാര്യം ചെയ്യാനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ റാപ്പിഡ് റസ്പോൺസ് ടീമുകളെയും സജ്ജമാക്കിയിട്ടുണ്ട്. ഓയിൽ ബൂം അടക്കമുള്ളവ പ്രാദേശികമായി സജ്ജീകരിച്ച് എല്ലാ പൊഴി, അഴിമുഖങ്ങളിലും നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഡോ. ഒലോഫ് ലൈഡൻ (മുൻ പ്രൊഫെസർ, വേൾഡ് മറീടൈം യൂണിവേഴ്സിറ്റി), ശാന്തകുമാർ (പരിസ്ഥിതി ആഘാത സാമ്പത്തിക കാര്യ വിദഗ്ദൻ), ഡോ. ബാബു പിള്ള (പെട്രോളിയം കെമിക്കൽ അനാലിസിസ് വിദഗ്ദൻ), മൈക്ക് കോവിങ് (തീര ശുചീകരണ/മാലിന്യ നിർമ്മാർജ്ജന വിദഗ്ദൻ), ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് ഡയറക്ടർ, പൊല്യൂഷൻ കോൺട്രോൾ ബോർഡ് ചെയർമാൻ, വിസിൽ ഡയറക്ടർ, വിവിധ ജില്ലകളിലെ കളക്ടർമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## 13കാരനെ കാണാതായ കേസിൽ വഴിത്തിരിവ്; കുട്ടിയെ കണ്ടെത്തിയ കൈനോട്ടക്കാരനെതിരെ പോക്സോ കേസ്

കൊച്ചി: ഇന്നലെ രാവിലെ ഇടപ്പള്ളിയിൽ നിന്ന് കാണാതായ 13കാരനെ കണ്ടെത്തിയ കേസിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. തൊടുപുഴ ബസ് സ്റ്റാൻഡിൽനിന്നാണ് കുട്ടിയെ കണ്ടെത്തിയത്. കൈനോട്ടക്കാരനായ ശശികുമാറാണ് കുട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ കുടുംബത്തെ വിളിച്ച് അറിയിച്ചത്. എന്നാൽ കുട്ടിയെയും ശശികുമാറിനെയും വിശദമായി ചോദ്യം ചെയ്തതോടെ കേസിൽ പോക്സോ വകുപ്പുകൾ ചുമത്തി.

ഇടപ്പള്ളിയിലെ പബ്ലിക് സ്കൂളിൽ എട്ടാം ക്ലാസ് സേ പരീക്ഷയെഴുതാൻ പോയ കുട്ടിയെയാണ് കാണാതായത്. രാവിലെ 8.50ന് പിതാവാണ് സ്കൂട്ടറിൽ സ്കൂളിൽ വിട്ടത്. മഴയായത് കാരണം പരീക്ഷ എഴുതിക്കഴിഞ്ഞ കുട്ടിയെ ഉത്തരപേപ്പർ വാങ്ങി അദ്ധ്യാപിക നേരത്തെ വിട്ടു. പുറത്തിറങ്ങിയ കുട്ടി പക്ഷേ ഉച്ചയ്ക്ക് ഒരു മണിയായിട്ടും വീട്ടിലെത്തിയില്ല. ഇതോടെ പിതാവ് സ്കൂളിൽ വിളിച്ച് അന്വേഷിക്കുകയും പൊലീസിൽ പരാതി നൽകുകയും ചെയ്തു.

കൊച്ചിയിൽ നിന്നും പോയ കുട്ടി വൈകിട്ട് ആറുമണിയോടെയാണ് തൊടുപുഴ ബസ് സ്റ്റാൻഡിലെത്തിയത്. രാത്രിയായതോടെ ഭയന്ന് കുട്ടി അടുത്തുകണ്ട ശശികുമാറിനോട് സഹായം ചോദിച്ചു. തന്നെ തിരിച്ച് വീട്ടിലെത്തിക്കാമോയെന്ന് ചോദിച്ചപ്പോൾ സഹായിക്കാമെന്ന് ശശികുമാർ പറഞ്ഞു. എന്നാൽ തൊടുപുഴയിലെ ഇയാളുടെ വീട്ടിലേക്കാണ് കുട്ടിയെ കൊണ്ടുപോയത്. വീട്ടിലെത്തിയതിന് പിന്നാലെ ശശികുമാർ 13കാരനെ ശാരീരികമായി ഉപദ്രവിച്ചു.

ഇതിനിടെയാണ് കുട്ടിയെ കാണാതായ വാർത്ത ഇയാളുടെ ശ്രദ്ധയിൽപെടുന്നത്. സംഭവം പ്രശ്നമാകുമെന്ന് കണ്ട ഇയാൾ മാതാപിതാക്കളെ വിളിച്ച് കുട്ടിയെ ഏൽപ്പിക്കുകയായിരുന്നു. ശശികുമാറിനെ പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യം ചെയ്തതോടെയാണ് ഉപദ്രവിക്കാൻ ശ്രമിച്ച വിവരം പുറത്തറിയുന്നത്. പോക്സോ 7, 8 വകുപ്പുകൾ ചേർത്ത് കൈനോട്ടക്കാരനെതിരെ കേസെടുത്തിട്ടുണ്ട്.

## മാസപ്പടിക്കേസിൽ എസ്എഫ്ഐയ്ക്ക് വിമർശനം; വാക്കാലുള്ള ഉറപ്പ് പാലിച്ചില്ലെന്ന് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയൻ പ്രതിയായ മാസപ്പടിക്കേസിൽ എസ്എഫ്ഐഒ ക്ക് വിമർശനം. കേസിൽ സിഎംആർഎൽ, എസ്എഫ്ഐഒ ക്കെതിരെ ഡൽഹി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിനിടയിലാണ് വിമർശനം ഉയർന്നത്. കേസിൽ കുറ്റപത്രം നൽകില്ലെന്ന വാക്കാലുള്ള ഉറപ്പ് എന്തുകൊണ്ട് എസ്എഫ്ഐഒ പാലിച്ചില്ലെന്ന് ജഡ്ജി സുബ്രഹ്മണ്യ പ്രസാദ് കേന്ദ്രത്തോട് ചോദിച്ചു. ഇക്കാര്യം രേഖപ്പെടുത്തി വീണ്ടും കേസ് ചീഫ് ജസ്റ്റിസിന് തിരിച്ചയച്ചു.

അടുത്തിടെ വീണാ വിജയനെതിരായ കുറ്റപത്രം സമർപ്പിച്ചിരുന്നു. യാതൊരു സേവനവും നൽകാതെ വീണ പണം കൈപ്പറ്റിയെന്നാണ് എസ്എഫ്ഐഒയുടെ കുറ്റപത്രത്തിലുള്ളത്. വീണയുടെ എക്സാലോജിക് കമ്പനി 2.70 കോടി രൂപ കൈപ്പറ്റിയെന്നാണ് കണ്ടെത്തിയിരിക്കുന്നത്. പത്ത് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് വീണയ്ക്കെതിരെ ചുമത്തിയിരിക്കുന്നത്. കേസുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ നടപടികൾക്ക് കേന്ദ്ര സർക്കാരിന്റെ കമ്പനികാര്യ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

2.70 കോടി രൂപ വീണ കൈപ്പറ്റിയിരിക്കുന്നത് സിഎംആർഎൽ, എംപവർ ഇന്ത്യ എന്നീ കമ്പനികളിൽ നിന്നാണെന്ന് കുറ്റപത്രത്തിൽ പറയുന്നു. സിഎംആർഎല്ലിന്റെ സഹോദര സ്ഥാപനമാണ് എംപവർ ഇന്ത്യ. ശശിധരൻ കർത്തയും ഭാര്യയുമാണ് ഈ കമ്പനിയുടെ ഡയറക്ടർമാർ. വീണയ്ക്ക് പുറമേ എക്സാലോജിക്, സിഎംആർഎൽ, ശശിധരൻ കർത്ത എന്നിവരെയാണ് പ്രതി ചേർത്തിരിക്കുന്നത്. കമ്പനി കാര്യ നിയമം 447ാം വകുപ്പാണ് ചുമത്തിയിരിക്കുന്നത്. ആറ് മാസം മുതൽ പത്ത് വർഷം വരെയാണ് ശിക്ഷ കിട്ടാവുന്ന വകുപ്പാണിത്. കഴിഞ്ഞ വർഷം ജനുവരിയിലാണ് മാസപ്പടി കേസിൽ അന്വേഷണം ആരംഭിച്ചത്.

## ഇ ഡി വേട്ടക്കെതിരെ സി പി എം താക്കീത്



തൃശൂർ: വ്യാജ കുറ്റപത്രം ചുമത്തി CPM നേതാക്കളെ വേട്ടയാടുന്ന, ഇ ഡി. ഏജൻസിക്കെതിരെ ശക്തമായ താക്കീത് നൽകി കൊണ്ട് CPM പ്രവർത്തകർ തൃശൂരിൽ ഇന്ന് ബഹുജനപ്രതിഷേധ മാർച്ച് നടത്തി. CMS സ്കൂളിനു മുന്നിൽ തുടങ്ങി കോർപ്പറേഷൻ പരിസരത്ത് സമാപിച്ചു. പാർട്ടി പി.ബി. അംഗം എ.വിജയരാഘവൻ പ്രതിഷേധ യോഗം ഉൽഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ.വിഅബ്ദുൾ ഖാദർ, എം.എം വർഗീസ്, എ സി മൊയ്തീൻ എം എൽഎ, സെക്രട്ടേറിയറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

## അണ്ണാ സർവകലാശാല പീഡനക്കേസ്: പ്രതി ജ്ഞാനശേഖരൻ കുറ്റക്കാരൻ

ചെന്നൈ: അണ്ണാ സർവകലാശാലയിൽ വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ പ്രതി ജ്ഞാനശേഖരൻ കുറ്റക്കാരൻ എന്ന് കോടതി. ചെന്നൈ മഹിളാ കോടതിയുടേതാണ് ഉത്തരവ്. ജൂൺ 2 ന് ശിക്ഷാവിധി പ്രഖ്യാപിക്കും. ബലാൽസംഗം അടക്കം 11 കുറ്റങ്ങളും തെളിഞ്ഞതായി കോടതി. ഡിസംബർ 23ന് ക്യാംപസിനുള്ളിൽ വച്ചാണ് വിദ്യാർഥിനി അതിക്രമത്തിന് ഇരയായത്. 24ന് കോട്ടൂർപുരം ഓൾ വിമൻ പൊലീസ് സ്റ്റേഷനിൽ യുവതി പരാതി നൽകി. വിദ്യാർഥിനി ആൺ സുഹൃത്തിനൊപ്പം നിൽക്കുകയായിരുന്നു.

ഈ സമയം ഇവിടേയ്ക്കെത്തിയ ബിരിയാണി വിൽപനക്കാരനായ പ്രതി ഇവരെ ഭീഷണിപ്പെടുത്തുകയും പെൺകുട്ടിയെ ഉപദ്രവിക്കുകയുമായിരുന്നു. കേസിൻറെ എഫ്ഐആർ ചോർന്നത് ഏറെ വിവാദമായി. തുടർന്ന് മദ്രാസ് ഹൈക്കോടതി കേസ് അന്വേഷണത്തിനായി വനിതകൾ മാത്രമുള്ള പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. ഫെബ്രുവരിയിലാണ് കുറ്റപത്രം സമർപ്പിച്ചത്.


### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

OP: 208/2024

1) ഷമീറ എം. എച്ച് D/o.എം പി ഹൈദ്രോസ്കുട്ടി, മൂട്ടിൽ ഹൗസ്, പി ഒ തിരുവത്ര, തിരുവത്ര വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല - 680516,
2) മൈനർ ആല ഷാഹിം, 3) മൈനർ മുഹമ്മദ് ആഹിൽ

-ഹരജിക്കാർ

ഷാഹിം എം ടി, S/o. അബൂബക്കർ, മുസ്ലിംവീട്ടിൽ തറയിൽ ഹൗസ്, അണ്ടത്തോട് പി ഒ., പാപ്പാളി ദേശം, പുന്നയൂർക്കുളം വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല-679564

- 1-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തുംപതിച്ചുനടത്താൻ കല്പിച്ച് കേസ് 10-06-2025 തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ എക്സ് പാർട്ടിയാക്കി കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 27-05-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**രശ്മി കെ ആർ** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 2161/2024

NTC നിധി ലിമിറ്റഡ്

- അന്യായം

1) മുകുന്ദപുരം താലൂക്ക് പുത്തൻചിറ വില്ലേജ് ദേശത്ത് കളരിക്കൽ നാരായണൻ മകൻ ഷൈലജൻ
2) ടി യിൽ താമസം കളരിക്കൽ ഷൈലജൻ ഭാര്യ ദീപ
3) മുകുന്ദപുരം താലൂക്ക് പൊറത്തിശ്ശേരി വില്ലേജ് ദേശത്ത് കാമരാജപുരം പാർത്ഥിപൻ മകൻ അക്ഷയ്കുമാർ
4) മുകുന്ദപുരം താലൂക്ക് പുത്തൻചിറ വില്ലേജ് ദേശത്ത് ചെമ്പത്തൊഴുത്ത് ഗംഗാധരൻ മകൻ കുട്ടൻ

- പ്രതികൾ

മേൽ നമ്പറിൽ പ്രതികൾക്കുള്ള സമൻസ് അന്യായത്തിൽ കാണുന്ന വിലാസത്തിൽ കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 13-06-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ താങ്കളോ താങ്കളുടെ അഭിഭാഷകനോ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 27-5-2025

അന്യായഭാഗം അഡ്വക്കെറ്റ്

**രജിത് ഡേവീസ്** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# എ കെ ജി യെ കുറിച്ച് എന്തറിയാം?



**'പാവങ്ങളുടെ പടത്തലവൻ.' – എന്ന ഒരൊറ്റ വിശേഷണം മതി കമ്മ്യൂണിസ്റ്റ് ജനനേതാവ് എ.കെ.ഗോപാലനെന്ന എ കെ ജി യെ കുറിച്ചറിയാൻ . അത്തരം ബഹുമതിക്കർഹനായ മറ്റൊരു നേതാവിനെ കാണാനാകില്ല.**

പഴയ മലബാറിലെ ജന്മി തറവാട്ടിലാണ് എകെ ജി. ജനിച്ചത്. എന്നിട്ടും വേദനിക്കുന്ന മനുഷ്യരെ കണ്ടെത്താനുള്ള മനസ്സുണ്ടായതാണ് ഗോപാലൻ – സഖാവ് എ.കെ.ജി. ആയത്.ആ വഴിത്താരകളേറെ. ചരിത്രവും . ജീവിതാവസാനം വരെ പണിയെടുക്കു ന്നവർക്ക് ആശ്വാസം പകർന്ന് പ്രവർത്തിച്ച മറ്റൊരു നേതാവിനെ കാണാനാകുമോ? അത് എ കെ ജിക്ക് മാത്രം സ്വന്തം

എകെ ജിയെ കുറിച്ച് ധാരാളം ചരിത്ര രചനകൾ പുറത്തിറങ്ങിയിട്ടുണ്ട്. എല്ലാം ഒന്നിനൊന്ന് മെച്ചം.അത്രയും സംഭവബഹുലമായിരുന്നു എകെ ജിയുടെ ജീവിതം . അദ്ദേഹവുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളും അറിയുന്ന് കടുതൽ ആവേശകരമായിരിക്കും.


കടുംബ പശ്ചാത്തലത്തിൽ പ്രാഥമിക പഠന ശേഷം എ കെ ജി ആദ്യംപ്രൈമറി സ്കൂൾ അദ്ധ്യാപകനായി. സമൂഹത്തിന്റെ വലിയ ചാലക ശക്തിയാകാൻ അദ്ധ്യാപനത്തിനെ കഴിയൂ എന്നായിരുന്നു, എകെ ജി യുടെ പ്രഖ്യാപനം.

### മഞ്ഞ കുപ്പായക്കാർ

പ്രസംഗമല്ല പ്രവൃത്തിയാണ് വേണ്ടത് എന്നായിരുന്നു എകെജി – യുടെ ശക്തമായ ആശയം. അത് നടപ്പാക്കാനായി എ കെ ജി അദ്ധ്യാപന കാലത്ത് ജന്മനാട്ടിലെ 'മഞ്ഞക്കുപ്പായക്കാർ', എന്ന ഗ്രൂപ്പിൽ അംഗമായി. കായിക ശേഷി ജനങ്ങളിലേക്കെത്തിക്കാനുള്ള സംഘടനാ രൂപമായിരുന്നു മഞ്ഞക്കുപ്പായക്കാർ . റോഡുകൾ വൃത്തിയാക്കുക,കൃഷി ആരംഭിക്കുക, തോടുകൾ നന്നാക്കുക, തുടങ്ങിയ കാര്യങ്ങളിൽ മഞ്ഞക്കുപ്പായക്കാർ സജീവമായി. ഒപ്പം എ കെ ജിയും .

അധ്യാപകനായിരിക്കെയാണ് ആദ്യമായി എകെജി, ജയിൽവാസം അനുഭവിക്കുന്നത്. 1930 മാർച്ച് 12 ന് ഗാന്ധിജി തുടങ്ങിയ ദണ്ഡി യാത്രയുടെ ഭാഗമായി കോഴിക്കോട് നടന്നനിയമ ലംഘന സത്യ ഗ്രഹത്തിൽ പങ്കെടുത്തതിനായിരുന്നു അറസ്റ്റ് . അതേ തുടർന്ന് എ കെ ജിക്ക് അച്ഛനുമായുള്ള ബന്ധം ഏറെ നാൾ ഒഴിവാക്കേണ്ടി വന്നു.അപ്പോഴും അമ്മയുടെ സഹായം ലഭിച്ചിരുന്നു.

എകെജി ജനിച്ച കാലഘട്ടം കേരളം ജാതി മത വർഗീയ അന്ധവിശ്വാസ – ജന്മിത്വ കോട്ടകെട്ടിനുള്ളിലായിരുന്നു. അതിനെതിരായും എ കെ ജി ശക്തമായി പ്രതികരിച്ചു.



1937 കാലത്ത് എ കെ ജി യുവജന പ്രസ്ഥാന പ്രവർത്തകനായി.(എ.കെ.എസ്. എഫ്.). 1934 ൽ രൂപം കൊണ്ട കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ടാണ് എ.കെ.ജി രാഷ്ട്രീയ പ്രവർത്തനം തുടങ്ങയത്.

കർഷകരും കർഷക തൊഴികളും മാത്രമാണ് യഥാർഥ മനുഷ്യരെന്ന് ,എ കെ ജി – ജീവിതമാകെ വിശ്വസിക്കുകയും അതനു സരിച്ചുള്ളപ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്തു.

### സാഹിത്യവും സമരായുധം

സാഹിത്യം , കല എന്നിവ മുന്നിർത്തിയുള്ള പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് എ കെജി .നേതൃത്വം നൽകി. പുസ്തകങ്ങളും ലഘുലേഖകളും പ്രചരിപ്പി ച്ചു . പിന്നീടദ്ദേഹം നിരവധി പുസ്തകങ്ങൾ എഴുതി. ലേഖനങ്ങളും മറ്റ് രചനകളും ധാരാളം. എകെ



ജിയുടെ ആത്മകഥ (എന്റെ ജീവിത കഥ / ഞാനൊരു പുതിയ ലോകം കണ്ടു)ഇന്നും പഠനാത്മകമാണ്

### പത്രം മാനേജർ

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാരംഭ പ്രവർത്തന സമയത്ത് (1935) ഇ.എം. എസ്. ന്റെ നേതൃത്വത്തിൽ പ്രഭാതം പത്രം പ്രസിദ്ധീകരിച്ചു. 1938 ൽ എകെജി പത്രം മാനേ ജരുമായി '. പത്ര പ്രചാരണത്തിൽ നല്ല രീതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ എ കെ ജി നിർവഹിച്ചു.

എ കെ ജി യുടെ ലക്ഷ്യം ജനങ്ങളും അവരുടെ പ്രശ്നങ്ങളും, ദുരിതങ്ങളും മാത്രമായിരുന്നു

സ്വാതന്ത്ര്യ സമര പോരാട്ടം, ക്ഷേത്ര പ്രവേശന സത്യഗ്രഹം, മലബാറിലേയും തിരുവിതാംകൂറിലേയും കുടികിടപ്പു സമരങ്ങൾ , തുടങ്ങിയ വയുടെ നായകത്വം സ്വയം ഏറ്റെടുത്ത നേതാവായിരുന്നു എ കെ ജി .

### പാവങ്ങളുടെ പടത്തലവൻ

ജനകീയ പോരാട്ട പാതയിൽഎ കെ ജിക്ക് നേരിടേണ്ടി വന്നദുരിതങ്ങൾ . ഏറെയായിരുന്നു. പട്ടിണി, ക്ലേശം, രോഗം, കൊടിയ മർദ്ദനം, ദീർഘകാല തടവ്,, എന്നിവയൊക്കെ പാവപ്പെട്ടവരുടെ രോദന വും, മോചന പാതയുമായി എ കെജി. ഏറെറടുക്കുകയായിരുന്നു. അങ്ങിനെയാണ് എ കെ ജി പാവങ്ങളുടെ പടത്തലവനായി മാറിയത്.

### മിച്ചഭൂമി നായകൻ

കേരളത്തിലെ മിച്ചഭൂമി സമരത്തിൽ ഏക നേതൃത്വവും,അവകാശിയും ഒരേ ഒരാൾ മാത്രം. സഖാവ് എ കെ ജി അദ്ദേഹത്തിന്റെ ശക്തമായകാഴ്ചപ്പായിരുന്നു മിച്ചഭൂമി പിടിച്ചെടുത്ത് പാവങ്ങൾക്ക് ലഭ്യമാക്കിയത്.


ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ എകെജി എന്ന പോരാളി തടവറയിലായിരുന്നു. അവിടെ നിന്ന ദ്ദേഹം സ്വാതന്ത്ര്യ ഗീതം കേട്ട് ആവേശം കൊണ്ടു.

### പാർലമെന്റിൽ

1954 ലെ പൊതു തിരഞ്ഞെടുപ്പിൽ എ കെ ജി തിരഞ്ഞെ ടു ക്കപ്പെട്ടു.കണ്ണൂർ ലോകസഭാ മണ്ഡലത്തിൽ നിന്നും ഒരു ലക്ഷത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിലായിരുന്നു ജയം. പാർലിമെന്റിലെത്തിയ എ. കെ ജി സർവസമ്മതനായ പ്രതിപക്ഷ നേതാവായി മാറിയത് എകെജിയുടെ മാനവ ബന്ധത്തിന്റെഅംഗീകാരമായിരുന്നു. പാർലമെന്റിൽ എകെ ജി പാവപ്പെട്ടവരുടെ പ്രശ്നങ്ങളാണ് എപ്പോഴും ഉന്നയിച്ചിരുന്നത്. പാർലിമെന്റിലെ ഔപചാരി സുഖ സൗകര്യങ്ങൾ കഴിയുന്നത്രഒഴിവാക്കാൻ എ കെ ജി ശ്രമിച്ചിരുന്നു എന്നതും പ്രത്യേകതയായിരുന്നു. പാവങ്ങളുടെ പടത്തലവൻ എ കെ ജി യുടെ ബഹുമാന – സ്മരണാർത്ഥം ഇന്ത്യൻ തപാൽ വകുപ്പ് 1990ൽ ഒരു രൂപയുടെ തപാൽ സ്റ്റാ മ്പും പുറത്തിറക്കി.

കമ്മ്യൂണിസ്റ്റ് നേതാവുകൂടിയായിരുന്ന സുശീലയായിരുന്നു എകെജിയുടെ പത്നി.

പഴയ മലബാറിലെ ചിക്കലിൽ 1904 ഒക്ടോബർ 1 ന് ജനിച്ച എ കെ ജി 1977 മാർച്ച് 22 ന് ലോകത്തോട് വിട പറഞ്ഞു. പാവപ്പെട്ട മനുഷ്യരെ കണ്ണീരിലാഴ്ത്തി കൊണ്ട്.



പോൾസൺ താം

**കിളിവാതിൽ**
**രാജൻ എലവത്തൂർ**

## സുരേഷ്ഗോപി നിലപാട് വ്യക്തമാക്കണം

ഇരിങ്ങാലക്കുട: റയിൽവേ സ്റ്റേഷനിൽ പിൻവലിച്ച സ്റ്റോപ്പേജുകളുടേയും അർഹമായ മറ്റു വണ്ടികൾക്കുള്ള സ്റ്റോപ്പേജുകളുടെയും കാര്യത്തിൽ തൃശൂർ ലോക് സഭാംഗം സുരേഷ് ഗോപി നേരിട്ട് ഉടൻ തന്റെ നിലപാടു വ്യക്തമാക്കണമെന്ന് കല്ലേറ്റുംകര റയിൽവേ സമരം മുഖ്യ സംഘാടകൻ വർഗ്ഗീസ് തൊടുപറമ്പിൽ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. റയിൽവേ സ്റ്റേഷനിൽ അല്ലറ ചില്ലറ മിനുക്കു പണികൾ നടത്തിയതു കൊണ്ടൊ കേന്ദ്ര- സംസ്ഥാന ഭരണ കക്ഷികളിലെ ചിലരുടെ ഒത്താശയോടെ സമാന്തര സമര നാടകങ്ങൾ നടത്തി അവരെ നേതാക്കളാക്കി ചർച്ചകൾ നടത്തിയതുകൊണ്ടോ ജനകീയ സമരം ശക്തിയാർജ്ജിക്കുന്നതിനെ തടയാനാവുകയില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. 5 നിയോജക മണ്ഡലങ്ങളിലെ ഇരുപതോളം ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ പ്രശ്നമാണ് ഇരിങ്ങാലക്കുട റയിൽവേ സ്റ്റേഷനോടുള്ള അവഗണന. ആയതിന്റെ ഗൗരവം തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയുടെ ചിന്തകളോടെ തൃശൂർ ലോക്സഭാംഗം മനസ്സിലാക്കണം. അദ്ദേഹത്തെ അത്തരം ജനാധിപത്യ മര്യാദകൾ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹത്തെ സ്ഥാനാർത്ഥിയാക്കി മത്സരിപ്പിച്ചു ജയിപ്പിച്ച ബി.ജെ.പി നേതൃത്വം ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. കടലാസ്സു സംഘടനാ പ്രതിനിധികളെ ഒഴിവാക്കി യഥാർത്ഥത്തിൽ സ്റ്റേഷൻ വികസനത്തിനായി സമരം ചെയ്യുന്നവരുമായി സുരേഷ് ഗോപി നേരിട്ട് ചർച്ചക്കു തയ്യാറാകണമെന്നും ആവശ്യപ്പെട്ടു.

-വർഗ്ഗീസ് തൊടുപറമ്പിൽ
9495169930, 9188233020

## നെഹ്റുവിയൻ ദർശനങ്ങളാണ് ഭാരതത്തിന്റെ ജീവരക്തം

തൃശൂർ: നെഹ്റുവിയൻ ദർശനങ്ങളാണ് ഇന്ന് കാണുന്ന ഭാരതത്തിന്റെ ജീവരക്തമെന്ന് മുൻനിയമസഭാ സ്പീക്കർ അഡ്വ തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞു. സ്വാതന്ത്ര്യാനന്തരം രാജ്യം നിലനിൽക്കുമോ എന്ന ഭയം അതിജീവിച്ചത് നെഹ്റുവിന്റെ നയങ്ങളാണ്. ഫലകങ്ങൾ മാറ്റിയതുകൊണ്ടോ പദ്ധതി പേരുകൾ മാറ്റിയതുകൊണ്ടോ ജന്മനസ്സുകളിൽ കാലം കൊത്തിവെച്ച നെഹ്റുവെന്ന പേര് ആർക്കും മായ്ച്ചുകളയാൻ സാധിക്കില്ലായെന്ന് തേറമ്പിൽ പറഞ്ഞു. ഡി സി സി പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നേതാക്കളായ ജോസ് വള്ളൂർ, ടി വി ചന്ദ്രമോഹൻ, ജോസഫ് ചാലിശ്ശേരി, രാജേന്ദ്രൻ അരങ്ങത്ത്, കെ.ബി. ശശികുമാർ, ഐ.പി. പോൾ, കെ.കെ. ബാബു, അഡ്വ. വി. സുരേഷ് കുമാർ,അഡ്വ. സിജോ കടവിൽ, കെ.എച്ച്. ഉസ്മാൻ ഖാൻ, എം.എസ് ശിവരാമകൃഷ്ണൻ, കെ.വി. ദാസൻ, സജീവൻ കുരിയച്ചിറ, ബൈജു വർഗീസ്, രവി താണിക്കൽ, ഓ.ജെ. ജനീഷ്, സി.ഐ സെബാസ്റ്റ്യൻ, കെ.പി രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# മാതാപിതാക്കളെ കൊന്ന മകന് ജീവപര്യന്തവും പിഴയും

വെള്ളികുളങ്ങര: കോടാലി ഇഞ്ചക്കുണ്ട് ദേശത്ത് കുണ്ടിൽ വീട്ടിൽ അനീഷിനെ (41) ഇരിങ്ങാലക്കുട അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി വിനോദ്കുമാർ എൻ ആണ് ശിക്ഷ വിധിച്ചത്. പിതാവിനെ കൊലപ്പെടുത്തിയതിയതിൽ ജീവപര്യന്തം കഠിന തടവിനും 1 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും പിഴ ഒടുക്കാത്ത പക്ഷം 1 വർഷം അധിക കഠിന തടവിനും മാതാവിനെ കൊലപ്പെടുത്തിയതിയതിൽ ജീവപര്യന്തം കഠിന തടവിനും 1 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും പിഴ ഒടുക്കാത്ത പക്ഷം 1 വർഷം അധിക കഠിന തടവിനും എന്നിങ്ങനെയാണ് ഐപിസി സെക്ഷൻ 302 പ്രകാരം ശിക്ഷ വിധിച്ചത് .

2022 ഏപിൽ 10 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതി മാതാപിതാക്കളായ സുബ്രൻ ഭാര്യ ചന്ദ്രിക, കുട്ടപ്പൻ മകൻ സുബ്രൻ കുണ്ടിൽ വീട് ഇഞ്ചകുണ്ട് ദേശം കോടാലി വെള്ളിക്കുളങ്ങര എന്നിവരുമൊന്നിച്ച് താമസിച്ചു വരവെ സുബ്രൻ എന്നയാളുടെ കൈവശാവകാശത്തിലുള്ള 17 1/2 സെന്റ് വസ്തുവിൽ നിന്നും 6 സെൻറ് സ്ഥലം പ്രതിക്ക് ഭാഗം വെച്ച് കൊടുക്കാത്തതിലും കുടുംബത്തിൽ പ്രതിയും മാതാപിതാക്കളുമായി സ്ഥിരമായി ഉണ്ടാകാറുള്ള വഴക്കിനെ തുടർന്നുള്ള വിരോധത്താലും 10.04.2022 തിയ്യതി രാവിലെ 8.45 സമയത്ത് വീടിനു മുൻവശം മുറ്റത്ത് മാവും തൈ നടുന്നതിനെ ചന്ദ്രിക മൺ വെട്ടി കൊണ്ട് കുഴി എടുത്തു കൊണ്ടിരിക്കെ പ്രതി മൺ വെട്ടി പിടിച്ചു വാങ്ങി ചന്ദ്രികയെ അക്രമിക്കുന്നതു കണ്ട് തടയാൻ ശ്രമിച്ച സുബ്രനെയും ആക്രമിക്കുകയും തുടർന്ന് ഇരുവരെയും കൊലപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടെ മാരകായുധമായ വെട്ടുകത്തി വീടിനുള്ളിൽ നിന്നും എടുത്തു കൊണ്ടുവന്ന് വീടിനു മുൻ വശം മുറ്റത്തു വെച്ചും വീടിനു മുന്നിലെ പബ്ലിക് റോഡിൽ വെച്ചും ആദ്യം പിതാവ് സുബ്രനേയും പിന്നീട് മാതാവ് ചന്ദ്രികയേയും കഴുത്തിലും തലയിലും മറ്റും വെട്ടുകത്തി കൊണ്ട് നിരവധി തവണ വെട്ടി ഗുരുതര പരിക്ക് ഏൽപിച്ച് അതിക്രൂരമായി കൊലപ്പെടുത്തിയിട്ടുള്ളതാണ്.

ഈ സംഭവത്തിന് വെള്ളികുളങ്ങര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് വെള്ളികുളങ്ങര SHO ആയിരുന്ന മിഥുൻ കെ പി അന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് കണ്ട് പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിച്ച കേസിലാണ് പ്രതിയെ ശിക്ഷിച്ചത്.

പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 37 സാക്ഷികളെ വിസ്തരിക്കുകയും 25 തൊണ്ടി മുതലുകളും 62 രേഖകളും മാർക്ക് ചെയ്യുകയും ചെയ്തു.

പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ അഡ്വക്കേറ്റ് ജോജി ജോർജ്, അഡ്വക്കേറ്റ് പി എ ജയിംസ്, അഡ്വക്കേറ്റ് എബിൻ ഗോപുരൻ, അഡ്വക്കേറ്റ് അൽജോ പി ആൻറണി, അഡ്വക്കേറ്റ് പി എസ് സൗമ്യ എന്നിവർ ഹാജരായി. ലെയ്സൺ ഓഫീസർ വിനീഷ് കെ വി പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

## വാരിയർ സമാജം ഭാരവാഹികൾ



പി.കെ. മോഹൻദാസ് വി. വി. മുരളീധരൻ

തൃശൂർ: പുതിയ സംസ്ഥാന ഭാരവാഹികളായി പി.കെ. മോഹൻദാസ് (പ്രസിഡണ്ട്), എ. കൃഷ്ണകുമാർ, ആർ.മുരളീധരൻ, സി. ബാലകൃഷ്ണ വാര്യർ (വൈസ് പ്രസിഡണ്ടുമാർ), വി. വി. മുരളീധരൻ (ജനറൽ സെക്രട്ടറി), വി. ആർ. ബാലകൃഷ്ണൻ, രജനീഷ് ആർ. വാര്യർ, ടി.വി. രാധാകൃഷ്ണൻ (സെക്രട്ടറിമാർ), വി. വേണുഗോപാൽ (ട്രഷറർ) വനിതാ വിഭാഗം: ടി.കെ. ഗീതാകുമാരി (പ്രസിഡണ്ട്), ചന്ദ്രിക കൃഷ്ണൻ (സെക്രട്ടറി), എൻ. ജയശ്രീ വാര്യർ (ട്രഷറർ) യുവജന വിഭാഗം : വി. ഹരിമോഹൻ (പ്രസിഡണ്ട്) , നീതു വാരിയർ (സെക്രട്ടറി), വിനോദ് കുമാർ (ട്രഷറർ)

## വോയിസ് ഓഫ് മുസിരിസ്

മേത്തല: കാക്കാനാട്ട്കുന്ന് സ്നേഹാലയ കുടുംബക്ഷേമ സമിതി സ്നേഹാലയ ലൈബ്രറി & റീഡിംഗ് റൂം, വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങളുടെ വിതരണവും അദ്ധ്യാപികയെ ആദരിക്കലും നടത്തി.

## കരുവന്നൂർ തട്ടിപ്പ്: കുറ്റപത്രത്തിലെ പ്രതികളെ അറസ്റ്റു ചെയ്യാത്തതിൽ പ്രതിഷേധ പ്രകടനം നടത്തി

വടക്കാഞ്ചേരി : കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ ഇ.ഡി പ്രതികളാക്കിയ സി.പി.എം നേതാക്കളെ അറസ്റ്റു ചെയ്യാത്തതിൽ പ്രതിഷേധിച്ചുീ, പ്രതികളെ രക്ഷിക്കാൻ സി.പിഎം – ബി.ജെ.പി യുമായി ഉണ്ടാക്കിയ അവസരവാദ രാഷ്ട്രീയ കൂട്ട്കെട്ടിലും പ്രതിഷേധിച്ചു ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വടക്കാഞ്ചേരിയിൽ പ്രതിഷേധ പ്രകടനം നടത്തി. ജനപ്രതിനിധികളായ കെ.രാധാകൃഷ്ണൻ, ഏ.സി മൊയ്തീൻ എന്നിവർ തൽസ്ഥാനങ്ങൾ രാജി വെച്ച് മാന്യത കാണിക്കണം.

പ്രകടനത്തിനു ശേഷം നടന്ന പൊതുയോഗം മുനിസിപ്പൽ കൗൺസിലർ കെ.ടി ജോയ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് പി.ജി ജയദീപ് അധ്യക്ഷത വഹിച്ചു. നേതാക്കളായ എം.എച്ച് ഷാനവാസ്, ജയ്സൺ മാത്യു, സുരേഷ് അവണൂർ, പി.വി ബിജു, ഐ.ആർ മണികണ്ഠൻ, സിന്ധു സുബ്രമണ്യൻ, സന്ധ്യ കെടക്കാടത്ത് അഡ്വ , ടി.എസ് മായാദാസ് ജയൻ മംഗലം, എന്നിവർ പ്രസംഗിച്ചു.

നേതാക്കളായ സി.ആർ രാധാകൃഷ്ണൻ, കെ.കെ അബൂബക്കർ, പി.എസ് രാധാകൃഷ്ണൻ, ബിജു കൃഷ്ണൻ. സണ്ണി മാരിയിൽ, എം.ജെ അഗസ്റ്റിൻ, ജോണി ചിറ്റിലപ്പിള്ളി, പി.വി ഹസനാർ, സജിത്ത് അഹമ്മദ്, ജോഷി കല്ലേ യിൽ ,ജോസ് മണി പുത്തൂർ, അഷറഫ് കരുമത്ര, എം.എൻ ആനന്ദൻ,ബിജു എം.ജി കാവ്, മഹേഷ് കുമരനെല്ലൂർ,കെ.വി സുബ്രമണ്യൻ,സി.വി ജോസ് , ജനാർദ്ധനൻ പെരിങ്ങണ്ടൂർ , ഇ.ആർ ജയപ്രകാശ്, പി.പി സജീവ്, വി.എം ഉമൈർ, അബ്ദുറഹിമാൻ മങ്കര എന്നിവർ നേതൃത്വം നൽകി.

## കോൺഗ്രസ് പ്രതിഷേധം 31 ന്: അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ: കരുവന്നൂർ സഹകരണ ബാങ്ക് അഴിമതി കേസിൽ പാവപ്പെട്ട നിക്ഷേപകരിൽ നിന്ന് തട്ടിയെടുത്ത പണം ഉടൻ തിരികെ നൽകണമെന്നും ഇ.ഡി കുറ്റക്കാരായി കണ്ടെത്തി പ്രതിപട്ടികയിൽ ചേർത്ത കെ. രാധാകൃഷ്ണൻ എം.പി, എ.സി മൊയ്തീൻ എം.എൽ.എ എന്നിവർ പാർലിമെന്ററി സ്ഥാനങ്ങൾ രാജി വെച്ച് വിചാരണ നേരിടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജില്ലയിലെ 111 മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ മെയ് 31 ശനിയാഴ്ച്ച പ്രതിഷേധം സംഘടിപ്പിക്കുമെന്ന് ഡി.സി.സി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.



സി പി ഐ ജന്മ ശതാബ്ദി കമ്മ്യൂണിസ്റ്റ് കുടുംബ സംഗമം തൃശൂരിൽ സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ടൗൺ ഹാളിൽ ഉൽഘാടനം ചെയ്യുന്നു

# മുകുന്ദപുരം താലൂക്കിൽ 63 വീടുകൾ ഭാഗികമായി തകർന്നു

ഇരിങ്ങാലക്കുട : കഴിഞ്ഞ ദിവസങ്ങളിലെ കനത്ത മഴയിലും കാറ്റിലും മുകുന്ദപുരം താലൂക്കിൽ ഇതിനകം ഭാഗികമായി തകർന്നത് 63 വീടുകൾ. കാറ്റിൽ മരങ്ങൾ വീണിട്ടാണ് കൂടുതൽ നഷ്ടങ്ങളും ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസം രാത്രിയിലും ഇന്നുമായി എഴ് വീടുകൾക്കാണ് നഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത്. പടിയൂർ കോങ്ങാടൻ തുരുത്തിൽ തേവർകാട്ടിൽ വേലായുധന്റെ ഓടിട്ട വീടിന്റെ മേൽക്കൂര കാറ്റിൽ തകർന്നു. എടതിരിഞ്ഞി ഷൺമുഖം കനാൽ ബണ്ടിനോട് ചേർന്ന് ഷെഡ്ഡിൽ താമസിച്ചിരുന്ന കുന്നപ്പിള്ളി സനീഷ് ഷെഡ്ഡ് തകർന്നതിനെ തുടർന്ന് താമസം മാറ്റിയിട്ടുണ്ട്. കാട്ടൂർ പാടിയത്ത് സുരേഷിന്റെയും നന്തിലത്ത് പറമ്പിൽ സുനിലിന്റെയും കൊറ്റനെല്ലൂർ കളപ്പുരക്കൽ രമയുടെയും പൂമംഗലം പള്ളിത്താഴം കോളനിയിൽ വലിയ വീട്ടിൽ തങ്കപ്പന്റെയും കടുപ്പശ്ശേരി പൊന്മനിശ്ശേരി ആന്റുവിന്റെയും വീടുകൾക്ക് മരങ്ങൾ വീണ് നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

അതേ സമയം പടിയൂർ പഞ്ചായത്തിൽ വാർഡ് അഞ്ചിൽ പത്തനങ്ങാടിയുടെ കിഴക്കേ ഭാഗത്ത് എട്ട് വീടുകൾ വെള്ളം കയറിയ നിലയിലാണ്. ഇതിൽ മൂന്ന് വീടുകളിൽ നിന്നായി 11 പേർ അടുത്തുള്ള അയ്യങ്കാളി സാംസ്കാരിക നിലയത്തിലേക്ക് മാറിയിട്ടുണ്ട്. വെള്ളം ഇറങ്ങിയിട്ടില്ലെന്ന് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ക്യാമ്പിലേക്ക് ഇവർ മാറിയേക്കും. മറ്റ് വീട്ടുകാർ ബന്ധു വീടുകളിലേക്ക് മാറിയിട്ടുണ്ട്.

## കുഴഞ്ഞുവീണ് മരിച്ചു

പുതുക്കാട്: കണ്ണമ്പത്തൂർ ചാക്കോച്ചിറ പുളിക്കൻ സുബ്രൻ ഭാര്യ വിലാസിനി (55) കുഴഞ്ഞുവീണ് മരിച്ചു. മക്കൾ-സനൂഷ്, സനീഷ്യ. പുതുക്കാട് ഗവ. ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

## തൂങ്ങിമരിച്ചു

പുതുക്കാട്: കല്ലൂർ സ്വദേ ശി വടക്കേത്തല ജോസ് (61) തൂങ്ങി മരിച്ചു. ഭാര്യയും 2 മക്കളുണ്ട്. പുതുക്കാട് ഗവ. ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി

## അഫ്റിൻ അഷറഫ് ഹിന്ദിയിൽ രചിച്ച തസ് വീർ കാവ്യ സമാഹാരം പ്രകാശനം ചെയ്തു



തൃശൂർ: കേരളത്തിൽ ആദ്യമായി മുസ്ലീം വിഭാഗത്തിൽ നിന്ന് അഫ്റിൻ അഷറഫ് ഹിന്ദിയിൽ രചിച്ച തസ് വീർ കാവ്യ സമാഹാരം കേരളവർമ്മ കോളേജിലെ സഹപാഠികൾ ചേർന്ന് പേൾ റീജൻസിയിൽ സംഘടിപ്പിച്ച സമാദരണ സദസ്സിൽ വെച്ച് കേരള വഖഫ് ബോർഡ് ചെയർമാൻ എം.കെ.സക്കീർ പുസ്തക പ്രകാശനം കർമ്മം നിർവ്വഹിച്ചു. സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അദ്ധ്യക്ഷത വഹിച്ചു. സാഹിതി ചെയർമാൻ കഥാകൃത്ത് കെ. ഉണ്ണികൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. പ്രൊഫസർ ഷാജു ചിറ്റിലപ്പിള്ളി,വിജയല ലക്ഷ്മി ടീച്ചർ, അഷറഫ് ഹാജി കൈപ്പറമ്പ്,റാനിയ അബ്ദുൾ റഷീദ്,നഹന അജ്മൽ എന്നിവർ അനുമോദന പ്രസംഗം നടത്തി.

## ഇ.ഡി യുടെ കണ്ടെത്തലുകൾ നിസ്സാവൽക്കരിക്കരുത്: ഉണ്ണിയാടൻ

കരുവന്നൂർ: സഹകരണ ബാങ്ക് സാമ്പത്തിക തട്ടിപ്പ് കേസിൽ ഇ ഡി യുടെ കണ്ടെത്തലുകൾ നിസ്സാരവൽകരിച്ച് രാഷ്ട്രീയ പ്രേരിതമാണെന്ന തരത്തിൽ പ്രചരിപ്പിക്കുന്നത് കോടിക്കണക്കിനു രൂപ നഷ്ടപെട്ട് ജീവിതവും ജീവനും നഷ്ടപെട്ട കരുവന്നൂർ ബാങ്കിലെ ഇരകളോടുള്ള വെല്ലുവിളിയാണെന്ന് തോമസ് ഉണ്ണിയാടൻ പറഞ്ഞു. സംസ്ഥാന സർക്കാരും സഹകരണ ഡിപ്പാർട്ട്മെന്റും ക്രൈം ബ്രാഞ്ച് ഉൾപ്പെടെയുള്ള കുറ്റാന്വേഷണ ഏജൻസികളും അന്വേഷണം നടത്തിയ ഈ കേസിൽ കോടിക്കണക്കിനു രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നുള്ളത് കണ്ടുപിടിക്കപ്പെട്ടതാണ്. തട്ടിപ്പ് നടത്തിയവർ മാത്രമല്ല ഇതിനു കൂട്ട് നിന്നവരും തട്ടിപ്പിന്റെ പങ്ക് പറ്റിയവരും ജനങ്ങളുടെ മുമ്പിൽ കുറ്റക്കാർ തന്നെയാണ്. ഇ ഡി യുടെ കണ്ടെത്തലുകൾക്കും അവർ സമർപ്പിച്ച കുറ്റപത്രത്തിനും ഭാവിയിൽ എന്ത് തന്നെ സംഭവിച്ചലും ഇരകളായ നിക്ഷേപകരുടെ മനസിൽ ഇവർക്ക് വഞ്ചകരുടെ സ്ഥാനം തന്നെയാണുണ്ടാവുക. കരുവന്നൂർ വിഷയത്തോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ നേരിടുന്നത് വളരെ വലിയ പ്രതിസന്ധിയാണ്.

കേരള ചരിത്രത്തിൽ സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതിയാകുന്ന ആദ്യ രാഷ്ട്രീയ പാർട്ടിയാണ് സി പി എം. ഇതോടെ ഈ പാർട്ടി കേരളത്തിലെ ജനങ്ങൾക്കിടയിൽ പരിഹാസ്യമായി മാറിയിരിക്കുകയാണെന്നും ഉണ്ണിയാടൻ പറഞ്ഞു.

# മഴക്കെടുതികളിൽ പോലീസ് നടത്തിയ സുരക്ഷാ ഇടപെടലുകൾ

ഇരിങ്ങാലക്കുട : തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ വിവിധ സ്റ്റേഷൻ പരിധികളിലെ മഴക്കെടുതികളിൽ പോലീസ് നടത്തിയ സുരക്ഷാ ഇടപെടലുകൾ കയ്പമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്നുപീടികയിൽ 26-05-2025 തിയ്യതി രാവിലെ 09.30 മണിക്ക് റോഡിലേക്ക് മരം വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചതനുസരിച്ച് കയ്പമംഗലം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അബിലാഷും സംഘവും സ്ഥലത്തെത്തി മരം മാറ്റി ഗതാഗതം പുനസ്ഥാപിച്ചു. കയ്പമംഗലം ബീച്ച് റോഡിൽ രാവിലെ 09.50 ഇലക്ട്രിക് ലൈൻ റോഡിലേക്ക് പൊട്ടി വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചത് പ്രകാരം കയ്പമംഗലം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അബിലാഷും സംഘവും സ്ഥലത്തെത്തി KSEB അധികൃതരെ വിവരമറിയിച്ച് പൊട്ടി വീണ കമ്പി മാറ്റി ഗതാഗതം പുനസ്ഥാപിച്ചു. കയ്പമംഗലം സുജിത്ത് ജംഗ്ഷനിൽ രാത്രി 07.45 മണിക്ക് ഇലക്ട്രിക് ലൈനിൽ തീപ്പൊരിയുള്ളതായി വിവരം ലഭിച്ചത് പ്രകാരം കയ്പമംഗലം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അബിലാഷും സംഘവും സ്ഥലത്തെത്തി KSEB അധികൃതരെ വിവരമറിയിച്ച് അപകടാവസ്ഥ ഒഴിവാക്കിയിട്ടുള്ളതാണ്.

ഇരിങ്ങാലക്കുട പൂവ്വത്തുകടവ് റോഡിലേക്ക് 26-05-2025 തിയ്യതി രാവിലെ 10.30 മണിക്ക് മരം വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചതനുസരിച്ച് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നാസ്സറും സംഘവും സ്ഥലത്തെത്തി മരം മാറ്റി ഗതാഗതം പുനസ്ഥാപിച്ചു. നടവരമ്പിൽ ഉച്ചക്ക് 02.15 മണിക്ക് റോഡിലേക്ക് മരം വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചതനുസരിച്ച് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നാസ്സറും സംഘവും സ്ഥലത്തെത്തി മരം മാറ്റി ഗതാഗതം പുനസ്ഥാപിച്ചു. പൊറത്തൂരിൽ രാത്രി 08.00 മണിക്ക് ഇലക്ട്രിക് ലൈൻ റോഡിലേക്ക് പൊട്ടി വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചത് പ്രകാരം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ പ്രസന്നനും സംഘവും സ്ഥലത്തെത്തി ഗഡ്ഗആ അധികൃതരെ വിവരമറിയിച്ച് പൊട്ടി വീണ കമ്പി മാറ്റി ഗതാഗതം പുനസ്ഥാപിച്ചു.

അന്തിക്കാട് കിഴുപ്പിള്ളിക്കരയിൽ 26-05-2025 തിയ്യതി രാത്രി 08.00 മണിക്ക് ഒരു വീട്ടിലേക്കുള്ള ഇലക്ട്രിക് സർവ്വീസ് വയർ പൊട്ടി വീണ് അപകടാവസ്ഥ ഉള്ളതായി വിവരം ലഭിച്ചതനുസരിച്ച് അന്തിക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ കൃഷ്ണദാസും സംഘവും സ്ഥലത്തെത്തി ഗഡ്ഗആ അധികൃതരെ വിവരമറിയിച്ച് പൊട്ടി വീണ ഇലക്ട്രിക് സർവ്വീസ് വയർ പുനസ്ഥാപിച്ച് അപകടാവസ്ഥ ഒഴിവാക്കി. അന്തിക്കാട് താന്ന്യത്ത് രാത്രി 08.20 മണിക്ക് വീട്ടിലേക്ക് മരം വീണതായി വിവരം ലഭിച്ചതനുസരിച്ച് അന്തിക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ കൃഷ്ണദാസും സംഘവും സ്ഥലത്തെത്തി ഫയർ ഫോഴ്സിനെ വിവരമറിയിച്ച് മരം മുറിച്ച് മാറ്റി വീട്ടുകാരെ അവിടെ നിന്ന് മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കൊടകര നെല്ലായിൽ 26-05-2025 തിയ്യതി രാവിലെ 09.50 മണിക്ക് മരം റോഡിൽ വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചത് പ്രകാരം കൊടകര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ബൈജു സ്ഥലത്തെത്തി ഫയർ ഫോഴ്സിനെ അറിയിച്ച് മരം മുറിച്ച് മാറ്റി ഗതാഗതം പുനസ്ഥാപിച്ചു.

കൊരട്ടി മേലൂരിൽ 26-05-2025 തിയ്യതി രാത്രി 08.30 മണിക്ക് ഇലക്ട്രിക് ലൈൻ റോഡിലേക്ക് പൊട്ടി വീണ് ഗതാഗത തടസ്സവും അപകടാവസ്ഥയും ഉള്ളതായി വിവരം ലഭിച്ചത് പ്രകാരം കൊരട്ടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഷാജുവും സംഘവും സ്ഥലത്തെത്തി KSEB അധികൃതരെ വിവരമറിയിച്ച് പൊട്ടി വീണ കമ്പി മാറ്റി അപകടാവസ്ഥ മാറ്റി ഗതാഗതം പുനസ്ഥാപിച്ചു. കൊരട്ടി മുരിങ്ങൂരിൽ അതിശക്തമായ വഴയിൽ ഗതാഗതം തടസം ഉള്ളതായി വിവരം ലഭിച്ചതനുസരിച്ച് കൊരട്ടി പോലീസ് സ്റ്റേഷൻ ജോയ് സ്ഥലത്ത് ചെന്ന് ഗതാഗത തടസം പരിഹരിച്ചു.

മാള പുത്തൻവേലിക്കര 26-05-2025 തിയ്യതി രാത്രി 08.30 മണിക്ക് പള്ളിക്ക് സമീപം ഇലക്ട്രിക് ലൈൻ റോഡിലേക്ക് പൊട്ടി വീണ് ഗതാഗത തടസ്സവും അപകടാവസ്ഥയും ഉള്ളതായി വിവരം ലഭിച്ചത് പ്രകാരം മാള പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ജസ്റ്റിനും സംഘവും സ്ഥലത്തെത്തി KSEB അധികൃതരെ വിവരമറിയിച്ച് പൊട്ടി വീണ കമ്പി മാറ്റി അപകടാവസ്ഥ മാറ്റി ഗതാഗതം പുനസ്ഥാപിച്ചു.

കാട്ടൂർ കുഴുത്താണിയിൽ 26-05-2025 തിയ്യതി രാവിലെ 11.00 മണിക്ക് കേബിൾ പൊട്ടി റോഡിൽ വീണ് അപകടാവസ്ഥയുള്ളതായി വിവരം ലഭിച്ചതനുസരിച്ച് കാട്ടൂർ പോലീസ് സ്റ്റേഷൻ സീനിയർ സിവിൽ പോലീസ് ഓഫീസർ നൗഷാദ് സ്ഥലത്ത് ചെന്ന് കേബിൾ ഓപ്പറേറ്ററെ വിളിച്ച് വരുത്തി കേബിൾ പുനസ്ഥാപിച്ച് അപകടാവസ്ഥ ഒഴിവാക്കിയിട്ടുള്ളതാണ്.

വാടാനപ്പള്ളി ബദരിയ റോഡിൽ 26-05-2025 തിയ്യതി ഉച്ചക്ക് 02.00 മണിക്ക് മരം റോഡിൽ വീണ് ഗതാഗത തടസ്സം ഉള്ളതായി വിവരം ലഭിച്ചത് പ്രകാരം വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ റാഫി സ്ഥലത്തെത്തി ഫയർ ഫോഴ്സിനെ അറിയിച്ച് മരം മുറിച്ച് മാറ്റി ഗതാഗതം പുനസ്ഥാപിച്ചു.

## കോടതി പരസ്യം

### ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 101/2025

ചാവക്കാട് താലൂക്ക്, വലപ്പാട് വില്ലേജ്, വലപ്പാട് കരയാം മുട്ടം ദേശം, വലപ്പാട് പോസ്റ്റ് കാവുങ്ങൽ അബൂബക്കർ കെ എം ഭാര്യ റംലത്ത് അബൂബക്കർ

– ഹരജിക്കാരി

ചാവക്കാട് താലൂക്ക്, വലപ്പാട് വില്ലേജ്, വലപ്പാട് കരയാം മുട്ടം ദേശം, വലപ്പാട് പോസ്റ്റ് കോതകുളം ബീച്ച് റോഡ്, കാവുങ്ങൽ മുഹമ്മദ് കെ എ ഭാര്യ നസീമ പി എ
2) ടി യിൽ മുഹമ്മദ് കെ എ മകൻ മുഹസിൻ കെ മുഹമ്മദ്
3) ടി യിൽ മുഹമ്മദ് കെ എ മകൻ മുസമ്മിൽ കെ എം
4) ടി യിൽ മുഹമ്മദ് കെ എ മകൻ അബ്ദുൾ വാഹിദ് കെ എം

-എതൃകക്ഷികൾ

1) ചാവക്കാട് താലൂക്ക്, വലപ്പാട് വില്ലേജ്, വലപ്പാട് കരയാം മുട്ടം ദേശം, വലപ്പാട് പോസ്റ്റ് കാവുങ്ങൽ അബൂബക്കർ കെ എം മകൾ 11 വയസ്സ് ഫർസാന കെ എ
2) ചാവക്കാട് താലൂക്ക്, വലപ്പാട് വില്ലേജ്, വലപ്പാട് കരയാം മുട്ടം ദേശം, വലപ്പാട് പോസ്റ്റ് കാവുങ്ങൽ അബൂബക്കർ കെ എം മകൻ 7 വയസ് അബ്ദുൾ റസാഖ്

-മൈനർമാർ

മൈനർ ഹരജിക്കാരുടെ ശരീരത്തിനും സ്വത്തിനും രക്ഷിതാവായി ഹരജിക്കാരിയെ നിയമിച്ചും മൈനർമാർക്ക് കൂടി അവകാശപ്പെട്ടതായ ഹരജി പട്ടിക വഹകൾ തീറ് വിൽക്കുന്നതിനോ മറ്റവകാശികളുമായി ഭാഗാധാരം തയ്യാറാക്കുന്നതിനോ ഒഴിമുറി ആധാരം അയകാശ തീറാധാരം എന്നീ ആധാരങ്ങളിൽ മൈനർമാർക്ക് വേണ്ടി രക്ഷിതാവെന്ന നിലയിൽ രജിസ്ട്രാഫീസിൽ ഹാജരായി രജിസ്ട്രാക്കുന്നതിനും മറ്റുമായി ഹരജിക്കാരിയെ അനുവദിച്ച് ഉത്തരവുണ്ടാകുന്നതിനും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **19-06-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുള്ളവർ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നകാര്യം ഇതിനാൽ അറിയിച്ചു കൊള്ളുന്നു

എന്ന്, 11-04-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**എ. വൈ. ഖാലിദ് (ഒപ്പ്)**